**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3080** **07-10-2025 - ൽ മറുപടിയ്ക്ക്**

**ചക്കംകണ്ടം റെഗുലേറ്റർ-കം- ബ്രിഡ്ജ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ചക്കംകണ്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ ചക്കംകണ്ടം sluice cum Bridge പുനർനിർമ്മിക്കുന്നതിനായി DSR 2018 പ്രകാരം 3.06 കോടി രൂപയുടെ Detailed Project Report ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി ലഭ്യമാക്കിയിരുന്നുവെങ്കിലും ചക്കംകണ്ടം സ്ലൂയിസ് പുനർനിർമ്മിക്കുന്നതിനായി സിവിൽ, മെക്കാനിക്കൽ പ്രവൃത്തിക്ക് ആവശ്യമായ തുക 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 4702-00-101-84-01-00-00-PV എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിന് വകുപ്പ മേധാവി തലത്തിൽ ധനകാര്യ ബജറ്റ്-വിംഗിന് ശിപാർശ സമർപ്പിക്കുവാൻ സർക്കാർ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. 2025-2026 ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്ത് പണികളുടെ വിശദവിവരങ്ങൾ വാല്യം II ഭരണാനുമതിയില്ലാത്ത പണികൾ 356 സീരിയൽ നമ്പറായി 300 ലക്ഷം രൂപ അടങ്കൽ തുകയും 100 രൂപ ടോക്കൺ പ്രൊവിഷനുമായി പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനനുസരിച്ച് പുതുക്കിയ DPR തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.** |
| (ബി) | നിലവിലെ പാലം തകർന്നത് മൂലം ഗതാഗതം നിരോധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രയും വേഗം ഭരണാനുമതി ലഭ്യമാക്കി പുനർനിർമ്മാണം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | **നിലവിലെ പാലത്തിന് ബലക്ഷയം ഉള്ളതിനാൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ